**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **21-06-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി-ചാത്തനാട് പാലം ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജി.സി.ഡി.എ. ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലം ഗതാഗതയോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ജി.സി.ഡിഎ ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ ഇരുവശത്തേയും അപ്രോച്ച് റോഡ്, സർവീസ് റോഡ്, കാന എന്നിവയുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളത് |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് വളവ് ക്രമീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; ഇതിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അപ്രോച്ച് റോഡിന്റെ വളവ് സംബന്ധിച്ച് പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.<br><br>വളവ് ക്രമീകരിക്കുന്നതിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കടമക്കുടി വില്ലേജ് 4/5 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 1.52 ആർ സ്ഥലം കൂടി ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. ടി ഉടമയുടെ സമ്മതപത്രം വാങ്ങി നിർമ്മാണ പ്രവർത്തികൾ തടസ്സമില്ലാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പാലം എന്നത്തേക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അനുയോജ്യമായ കാലാവസ്ഥ ലഭ്യമായാൽ ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിച്ചു ഗതാഗതത്തിന് തുറന്നു കൊടുക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ